milma
കേരളകോ-ഓപ്പറേറ്റീവ്മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് പി ഓ, ആലപ്പുഴ - 688 531
ടെലിഫോൺ:0478- 2831144, Email: cfp@milma.com, Website: www.milma.com

സി.എഫ്.പി.റ്റി/പി&എ/218/2023/1034 09.01.2023

# ക്വട്ടേഷൻ നോട്ടീസ്

പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി വളപ്പിനുള്ളിലെ ഇതരസ്ഥലങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളും, ഓഫീസ് ബിൽഡിംഗിന്റെയും, ഓഫീസർമാരുടെ ക്യാബിനുകളുടേയും, ശുചിമുറികളുടേയും ശുചീകരണപ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്കനുസൃതമായി ഏറ്റെടുത്ത് ചെയ്യുന്നതിന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കുന്നതിന് അയൽക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, സന്നദ്ധ സംഘങ്ങൾ എന്നിവകളെയും, ശുചീകരണജോലികൾ ചെയ്ത് പരിചയമുള്ള സ്ഥാപനങ്ങൾ-വ്യകതികൾ എന്നിവരെ പരിഗണിക്കുന്നതാണ്. എന്നാൽ മുൻഗണന മേൽ സൂചിപ്പിച്ചിട്ടുള്ള സംഘടനകൾക്കായിരിക്കും. ആയതിന്റെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കുന്നതുമായിരിക്കും.

ക്വട്ടേഷൻ വിശദാംശങ്ങളും വ്യവസ്ഥകളും അടങ്ങിയ ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷഫോറം ഫാക്ടറിയിൽ നിന്നും **18.01.2023** ഉച്ചയ്ക്ക് **3.00** മണി വരെ കൈപ്പറ്റാവുന്നതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ നിരതദ്രവ്യമായി 2000/-രൂപ ഫാക്ടറി ക്യാഷ് കൗണ്ടറിൽ അടച്ച് ടി രസീത് ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

പൂരിപ്പിച്ച അപേക്ഷ ഫോറം, നിരതദ്രവ്യം അടച്ച രസീത്, എന്നിവ അടങ്ങിയ ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ ഫാക്ടറിയിൽ സമർപ്പിക്കേണ്ടതാണ്.

**ക്വട്ടേഷനുകൾ സ്വീകരിക്കുന്നത്** : **18.01.2023 ഉച്ചകഴിഞ്ഞ് 3.00 മണി വരെ**

**ക്വട്ടേഷനുകൾ തുറക്കുന്നത്** : **18.01.2023 ഉച്ചകഴിഞ്ഞ് 3.30 മണിയ്ക്ക്**

മാനേജർ

To,

1. Notice Boards of Panchayath office/Municipality (Pattanakkad/Thuravoor/Cherthala)
2. Notice Board of CDS Office, Kudumbasree, Pattanakkad
3. Notice Boards of the Factory
4. The Manager, Central Products Dairy, Punnapra, Alappuzha

പ്രേക്ഷിതൻ

സ്വീകർത്താവ്,

ദി മാനേജർ
കാലിത്തീറ്റ ഫാക്ടറി
പട്ടണക്കാട്

**വിഷയം:** ശുചീകരണ ജോലിക്കായുള്ള ക്വട്ടേഷൻ സമർപ്പിക്കുന്നത് - സംബന്ധിച്ച്.
**സൂചന:** 09.01.2023-ാം തീയതിയിലെ സി.എഫ്.പി.റ്റി/പിഎ/218/2023-ാംനമ്പർ ക്വട്ടേഷൻ നോട്ടീസ്.

മേൽ സൂചനയിലെ ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകൾക്ക് വിധേയമായി ഫാക്ടറിയിലെ ശുചീകരണ സംബന്ധമായ എല്ലാ ജോലികളും കൃത്യമായും, തൃപ്തികരമായും പ്രതിമാസം Rs.................../ രൂപയ്ക്ക് (GST അടക്കം) (.......................................................) ചെയ്ത് തന്ന് കൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു.

ഒപ്പ് :

പേര് :

ഫോൺ നമ്പർ:

സ്ഥലം :

തീയതി:

## നിബന്ധനകളും വ്യവസ്ഥകളും

പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി വളപ്പിനുള്ളിലെ ഇതരസ്ഥലങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളും, ഓഫീസ്ബിൽഡിംഗിന്റെയും, ഓഫീസർമാരുടെ ക്യാബിനുകളുടേയും, ശുചിമുറികളുടേയും ശുചീകരണപ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്കനുസൃതമായി ഏറ്റെടുത്ത് ചെയ്യുന്നതിന് സീൽ ചെയ്ത് ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. കരാർ ഒരു വർഷത്തേക്കായിരിക്കും. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഒരുമാസം ഈ ജോലി ചെയ്യുന്നതിന് പ്രതിഫലമായി ലഭിക്കേണ്ട തുക കാണിച്ചു കൊണ്ടുള്ള ക്വട്ടേഷനുകളാണ് സമർപ്പിക്കേണ്ടത്.

ക്വട്ടേഷനുകൾ 18.01.2023 വൈകിട്ട് 3.00 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. 18.01.2023 വൈകിട്ട് 3.30-ന് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ക്വട്ടേഷൻ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രവർത്തിദിവസങ്ങളിൽ ഫാക്ടറി സന്ദർശിച്ച് ജോലിയുടെ സ്വഭാവവും രീതിയും മനസ്സിലാക്കാവുന്നതാണ്.

<u>കരാർ വ്യവസ്ഥകൾ:-</u>

1. ഫാക്ടറി കോമ്പൗണ്ടിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, സെക്യൂരിറ്റി ഓഫീസ് കെട്ടിടങ്ങൾ, കാൻറ്റീൻ, ജീവനക്കാരുടെ വിശ്രമമുറി, ലോഡിംഗ്/അൺലോഡിംഗ് തൊഴിലാളികളുടെ വിശ്രമമുറി, സ്റ്റോർ ഓഫീസ് എന്നിവയോട് ചേർന്നുള്ള എല്ലാ കക്കൂസും കുളിമുറികളും ഉൾപ്പടെ ഫാക്ടറി കോമ്പൗണ്ടിലെ എല്ലാ കക്കൂസുകളും കുളിമുറികളും ദിവസേന വൃത്തിയാക്കേണ്ടതാണ്.

2. അതുപോലെ ഫാക്ടറി കെട്ടിടത്തിലുള്ള എച്ച്.ഒ.ഡി(പി &എം), ഷിഫ്റ്റ് എഞ്ചിനീയർ, മെയിന്റനൻസ് എഞ്ചിനീയർ എന്നിവരുടെ മുറികൾ, കണ്ട്രോൾ റൂം, ബാഗിങ്ങ് സെക്ഷൻ, എഫ്.പി.ജി. - ൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങൾ, സ്റ്റോഴ്സ് കെട്ടിടം, എഞ്ചിനീയറിങ്ങ് സ്റ്റോർ കെട്ടിടം എന്നീ സ്ഥലങ്ങളിലെ തറകൾ ദിവസേന പൊടിതുത്ത് വൃത്തിയാക്കേണ്ടതാണ്.

3. പ്ലാന്റിലെ എല്ലാ ഓഫീസ് മുറികളും, കണ്ട്രോൾ റൂമുകളും, സ്റ്റോർ സെക്ഷനിലെ ഓഫീസ് മുറികളും, എഞ്ചിനീയറിങ്ങ് സ്റ്റോർ മുറി, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ വിശ്രമമുറി, പ്ലാന്റിൽ കാലിയായി കിടക്കുന്ന ഇടം വൃത്തിയാക്കൽ, ഓഫീസ് മുറികളുടെ മാറാമ്പൽ നീക്കം ചെയ്യൽ, മാനേജർ ഉൾപ്പടെയുള്ള ഓഫീസർമാരുടെ ക്യാബിനുകൾ, കോൺഫറൻസ് ഹാൾ എന്നിവ ദിവസേന വൃത്തിയാക്കേണ്ടതാണ്.

4. മുകളിൽ 1, 2, 3 ആയി പറഞ്ഞിരിക്കുന്ന മൊത്തം ജോലികളും ഫാക്ടറിയുടെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും മുടങ്ങാതെ ചെയ്യേണ്ടതാണ്.

5. കരാർ ഒരു **വർഷത്തേക്കായി**രിക്കും (01.03.2023 to 29.02.2024).

6. കരാറുകാരൻ നിയോഗിച്ചിരിക്കുന്ന തൊഴിലാളികൾ ഫാക്ടറിയുടെ എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ വന്ന് മേൽപറഞ്ഞ എല്ലാ ജോലികളും ചെയ്തിരിക്കേണ്ടതാണ്.

7. അപ്രകാരം വൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങൾ (ചൂല്, ബ്രഷ് മുതലായവ) കരാറുകാരൻ കൊണ്ടുവരേണ്ടതാണ്. എന്നാൽ ക്ലീനിങ്ങിനാവശ്യമായ ലോഷനുകളും പൗഡറുകളും ഫാക്ടറിയിൽ നിന്നും നൽകുന്നതാണ്.

8. കക്കൂസ്, കുളിമുറി മുതലായവ ക്ലീൻ ചെയ്യുമ്പോൾ ആ മുറികളിലെ തറ, ഭിത്തി, വാഷ്ബെയ്സിൻ, കണ്ണാടി, സോപ്പുപെട്ടി, ഡെസ്റ്റ് ബിൻ തുടങ്ങിയവ സോപ്പോ, ഡിറ്റർജെന്റോ, ലോഷനോ ഉപയോഗിച്ച് വൃത്തിയാക്കണം.

9. കരാറുകാരന് കരാർ തുകയല്ലാതെ മറ്റ് യാതൊരു ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. ഒരു മാസത്തെ ജോലിക്കുള്ള പ്രതിഫലം അടുത്ത മാസം ആദ്യത്തെ ആഴ്ചയിൽ നൽകുന്നതായിരിക്കും.

10. കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികളുടെ എല്ലാ നിയമപരമായ കാര്യങ്ങളും നിറവേറ്റേണ്ടതും, ആനുകൂല്യം നൽകേണ്ടതും കരാറുകാരന്റെ ചുമതലയായിരിക്കും. 1970-ലെ കോൺട്രാക്ട് രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള എല്ലാ നിയമങ്ങളും പാലിക്കേണ്ടതാണ്. (ഇ.എസ്.ഐ , പ്രൊവിഡന്റ് ഫണ്ട് മുതലായവ).

11. കരാറുകാരൻ ജോലിക്ക് നിയോഗിക്കുന്ന തൊഴിലാളികളുടെ പേരുവിവരം മുൻകൂട്ടി മാനേജ്മെന്റിനെ അറിയിച്ചിരിക്കേണ്ടതാണ്.

12. കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികൾ ഫാക്ടറിക്ക് എന്തെങ്കിലും നാശനഷ്ടം വരുത്തിയാൽ ആയതിന് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

13. കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികളുമായി ഫാക്ടറിക്ക് യാതൊരു തൊഴിൽ ബന്ധങ്ങളും ഉണ്ടായിരിക്കുന്നതല്ല. അവർക്ക് ഫെഡറേഷനിൽ നിന്നും യാതൊരു ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

14. കരാർ തുകയിൽ നിന്നും നിയമവിധേയമായ എല്ലാവിധ കിഴിവുകളും (ഇ.എസ്.ഐ, ഇൻകം ടാക്സ് മുതലായവ) നടത്തിയതിനു ശേഷം ബാക്കിയുള്ള തുക മാത്രമേ കരാറുകാരന് നൽകുകയുള്ളൂ.

15. കരാറുകാരൻ/കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളിയോ എന്തെങ്കിലും ഗുരുതരമായ ആരോപണം നേരിടുന്ന പക്ഷം കരാർ ഉടനടി റദ്ദ്ചെയ്യാനുള്ള അധികാരം മാനേജറിൽ നിക്ഷിപ്തമായിരിക്കും.

16. ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ സ്വീകരിക്കുവാനും നിരസിക്കുവാനും ഉള്ള അധികാരം മാനേജരിൽ നിക്ഷിപ്തമായിരിക്കും.

17. കരാറുകാരന്റെ ജോലികൾ തൃപ്തികരമല്ലെന്ന് തോന്നിയാൽ ഒരാഴ്ചത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിന് മാനേജ്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. കരാർ ഉറപ്പിച്ചു നൽകിയാൽ കരാറുകാരൻ സെക്യൂരിറ്റി തുകയായ 5000/- രൂപ (അയ്യായിരം രൂപ) ഫാക്ടറിയിൽ അടയ്ക്കേണ്ടതും 200/-രൂപയുടെ മുദ്രപത്രത്തിൽ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് എഗ്രിമെന്റ് വെയ്ക്കേണ്ടതുമാണ്.

മാനേജർ